# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.183

### 04-10-2016 ലെ മറുപടിക്ക്

## അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ.വി അബ്ദുൾ ഖാദർ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീമതി. വീണാ ജോർജ്ജ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബജറ്റിൽ പ്രഖ്യാപിച്ച അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രവൃത്തിപഥത്തിലെത്തിക്കാൻ ആരംഭിച്ച നടപടികൾ അറിയിക്കുമോ; | 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 20,000 കോടി രൂപയുടെ 2-ാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. തെരഞ്ഞെടുത്ത അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാവശ്യമായ മൂലധന നിക്ഷേപമാണ് ഈ പാക്കേജിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ, SEBI, RBI എന്നിവയുടെ നിയന്ത്രണങ്ങൾക്കു വിധേയമായ സംവിധാനങ്ങളും മാർഗ്ഗങ്ങളുമുപയോഗപ്പെടുത്തി പൊതുവിപണിയിൽ നിന്നും ധനസമാഹരണം നടത്തി കിഫ്ബി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിനനുയോജ്യമായ രീതിയിൽ 19-08-2016 തീയതിയിലെ ഓർഡിനൻസ് നം.6/2016 ലൂടെ 1999 ലെ KIIF ആക്റ്റ് സർക്കാർ ഭേദഗതി ചെയ്യുകയും, അത് 19-08-2016 ലെ അസാധാരണ |

| | |
|---|---|
| | ഗസറ്റ് വിജ്ഞാപനം നം.1464 ലൂടെ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെട്ട പദ്ധതികളിൽ, 08-08-2016 ലെ സ.ഉ (കൈ) നം.315/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ KIIF ആക്റ്റിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്. പുതുക്കിയ 2016-17 ബഡ്ജറ്റിലൂടെ KIIFB ക്ക് ഉറപ്പാക്കിയിട്ടുള്ള 10% മോട്ടോർ വാഹന നികുതി, പെട്രോളിൻമേലുള്ള സെസ്സ് എന്നിവയുടെ വിഹിതം അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിനായി കിഫിന് അനുവദിക്കപ്പെട്ട ശീർഷകത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു,. അനായാസമായ പദ്ധതി നടത്തിപ്പിന് കൃത്യവും യുക്തവും ക്രമീകൃതവും സമയബന്ധിതവുമായ ധനസമാഹരണം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |
| **(ബി)** പ്രഖ്യാപിത പദ്ധതികൾക്ക് ഭരണാനുമതി ആയിട്ടുണ്ടോ; | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ |

| | |
|---|---|
| | നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. 08-08-16 തീയതിയിലെ സ.ഉ (കൈ)315/2016/ധന പ്രകാരം കിഫ്ബിയിലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2016 ഒക്ടോബർ രണ്ടാം വാരാന്ത്യത്തോടെയാണ് ബോർഡിന്റെ അനുമതിക്കായി ആദ്യ ബാച്ച് പദ്ധതികൾക്ക് ഭരണാനുമതിയുൾപ്പെടെ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കാൻ സമയപരിധി നൽകിയിട്ടുള്ളത്. ഈ പ്രക്രിയ നടന്നു വരുന്നു. |
| **(സി)** പദ്ധതിരേഖ തയ്യാറാക്കുന്നതും നടത്തിപ്പും ഏതു വിധത്തിലായിരിക്കുമെന്ന് വ്യക്തമാക്കുമോ; | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിൻ പ്രകാരം, വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെട്ട പദ്ധതികളിൽ, 08-08-2016 ലെ സ.ഉ (കൈ) നം.315/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്. ഈ ഭേദഗതി പ്രകാരം പദ്ധതി നടത്തിപ്പ് താഴെപ്പറയുംവിധമാണ്. |

| | |
|---|---|
| | 1) വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ഭരണവകുപ്പിന്റെ അനുമതിയും മന്ത്രിസഭയുടെ അംഗീകാരവും അനിവാര്യമാണ്. 100 കോടി രൂപയ്ക്കു മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്കു മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.<br><br>2) പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വികളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.<br><br>3) എസ്.പി.വികൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെനിന്നും വിദഗ്ധ ഉപദേഷ്ടാക്കളെ (Consultants) |

| | |
|---|---|
| | നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RFP) തയ്യാറാക്കുക എന്നത് എസ്.പി.വികളുടെ ചുമതലയാണ്. ഇതു നടപ്പാക്കുന്നതിന് എസ്.പി.വികൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെന്ററിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന Consultants ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR), ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.<br><br>4) ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്റ്റിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്. |
| **(ഡി)** പദ്ധതിയുടെ രൂപരേഖക്കനുസരിച്ച് സമയബന്ധിതമായി നിർവ്വഹണം നടക്കുമെന്നും ഫണ്ടിന്റെ അഭാവം | കിഫ്ബി ഭേദഗതി ഓർഡിനൻസ് 2016 പ്രകാരം കിഫ്ബിയിൽ ഒരു ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ (FTAC) എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത |

| | |
|---|---|
| പ്രവൃത്തികളെ നിശ്ചലമാക്കില്ലെന്നും ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ എന്ന് വ്യക്തമാക്കുമോ? | കമ്മീഷൻ കിഫ്ബി സ്വരൂപിക്കുന്ന നിധിയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നതും നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഭേദഗതി ഓർഡിനൻസിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസൃതമാണെന്ന് കിഫ്ബിയുടെ ഫണ്ട് അഥവാ നിധി വകമാറ്റി ചെലവഴിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നത് FTAC ആയിരിക്കും. കമ്മീഷൻ ഭേദഗതി ഓർഡിനൻസ് സെക്ഷൻ ഡി (2) പ്രകാരം FTAC, തുകകളുടെ വിനിയോഗവും അധിക തുകയുടെ നിക്ഷേപവും നടത്തുന്നു എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഓരോ ആറു മാസത്തിലും ഒരു *ഫിഡെലിറ്റി സർട്ടിഫിക്കറ്റ്* നൽകേണ്ടതാണ്. അതിലൂടെ നിക്ഷേപകരുടെ വിശ്വാസ്യത ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ, കിഫ്ബിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി ചെയർപേഴ്സണായിട്ടുള്ള ബോർഡ്, ബഹു. ധനകാര്യ മന്ത്രി ചെയർപേഴ്സണായിട്ടുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയെ കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കുകയും ഒരു ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഗ്രൂപ്പ് കിഫ്ബിയിൽ രൂപീകരിക്കുന്നതിനായി തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്.<br><br>ടി നിയന്ത്രണ സംവിധാനങ്ങൾക്കു പുറമെ, പ്രോജക്റ്റ് നിർവ്വഹണ ചെലവുകൾ അപ്പപ്പോൾ നേരിട്ട് സപ്ലൈയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവർക്ക് അവരുടെ നിശ്ചിത ബാങ്ക് |

| | |
|---|---|
| | അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്റ്റ് ബെനഫിറ്റ് സംവിധാനവും കിഫ്ബിയിൽ ഏർപ്പെടുത്താൻ ആലോചനയുണ്ട്. ഇതുവഴി ഫണ്ട് വിനിയോഗം നിർബാധമാവുകയും പദ്ധതി നടത്തിപ്പ് സുഗമമാവുകയും ചെയ്യുന്നതാണ്. കിഫ്ബിയുടെ ഭാഗത്ത് ഫണ്ട് ലഭ്യത ഉറപ്പുവരുത്തുവാൻ സർക്കാർ ഇതിനകം തന്നെ 873.85 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന നികുതി വിഹിതം, പെട്രോൾ സെസ് വിഹിതം എന്നിവയും കിഫ്ബിക്ക് പ്രസ്തുത ഭേദഗതിയിലൂടെ ഉറപ്പാക്കിയിട്ടുണ്ട്. ഈ മൂലധന ഉറപ്പിന്മേൽ കേന്ദ്ര സർക്കാർ, SEBI, RBI എന്നിവയുടെ നിയന്ത്രണത്തിനനുസൃതമായ ധനസമാഹരണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി ധനലഭ്യത ഉറപ്പു വരുത്തുന്നതാണ്. കിഫ്ബി വഴി നടപ്പിലാക്കാൻ സർക്കാർ അംഗീകരിക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രോജക്റ്റുകൾ നിർവ്വഹണത്തിനായി തയ്യാറാകുന്ന മുറയ്ക്ക് അവയ്ക്ക് ആവശ്യമായ ഫണ്ട് ടി മാർഗത്തിലൂടെ നിർബാധം ഉറപ്പുവരുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**